## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4897 — 18.12.2014-ലെ മറുപടിക്ക്

### കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയിൽ കോട്ടരുവം ഭാഗത്തെ മണ്ണിടിച്ചിൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ. കുഞ്ഞിരാമൻ(ഉദുമ) | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) | കെ.എസ്.റ്റി.പി. ഏറ്റെടുത്ത് അഭിവൃദ്ധി പ്പെടുത്തുന്ന കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയിൽ അശാസ്ത്രീയമായ നിർമ്മാണം മൂലം കോട്ടരുവം ഭാഗത്ത് മണ്ണിടിഞ്ഞ് ഏത് സമയത്തും ഒരു ദുരന്തം ഉണ്ടാകാനുള്ള സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | മണ്ണിടിയാനുള്ള സാദ്ധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് അശാസ്ത്രീയമായ നിർമ്മാണം മൂലം അല്ല. കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഇപ്പോൾ നിർമ്മാണം പുരോഗമിച്ചു വരുന്ന കാസർഗോഡ്-കാഞ്ഞങ്ങാട് റോഡിൽ കോട്ടരുവം ഭാഗത്ത് സംരക്ഷണ ഭിത്തി നിർമ്മാണ പ്രവൃത്തി ചെയ്ത സമയത്ത് മണ്ണ് ഇടിഞ്ഞു വീഴുകയുണ്ടായി. ഉടൻ തന്നെ അതിനുള്ള സംരക്ഷണ നടപടി എടുക്കുകയുണ്ടായി. മണ്ണിടിയാൻ സാധ്യതയുള്ളതിനാൽ വളരെ ശ്രദ്ധയോടെയാണ് പ്രവൃത്തികൾ ചെയ്യുന്നത്. ഇതിലെ പ്രശ്നങ്ങൾ മുന്നിൽ കണ്ട് ഈ പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കുന്ന സൂപ്പർവിഷൻ കൺസൾട്ടന്റ് ഈ രംഗത്തെ വിദഗ്ധനെ കൊണ്ട് പ്രസ്തുത സ്ഥലം പരിശോധിക്കുകയും വിദഗ്ധ നിർദ്ദേശം തേടുകയുമുണ്ടായി. ഇതിൻ പ്രകാരം ഈ റോഡിൻെറ നിർമ്മാണ പ്രവൃത്തി നടത്തുന്ന കരാറുകാരനായ M/s.RDS Projects-നെ കൊണ്ട് ഡിസൈൻ മാറ്റുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. സുരക്ഷിതത്വം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ ഉന്നത തലത്തിലുള്ള ടെക്നിക്കൽ കമ്മിറ്റിയെക്കൊണ്ട് അന്വേഷണം നടത്തി ദുരന്ത സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ ? | | |

സെക്ഷൻ ഓഫീസർ